**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1457** **10-10-2024 - ൽ മറുപടിയ്ക്ക്**

**യൂണിക് തണ്ടപ്പേർ സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഫ്ലാറ്റ് സിസ്റ്റത്തിലുള്ള വസ്തുവിൽ ഫ്ലാറ്റ് ഓണർ ആയ വ്യക്തികൾക്ക് യൂണിക് തണ്ടപ്പേർ അനുവദിക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഫ്ലാറ്റ്/അപ്പാർട്ട്മെന്റ് കെട്ടിടങ്ങളിലെ റസിഡന്റ് യൂണിറ്റുകളുടെ അവിഭക്ത ഓഹരികൾക്കുള്ള ഭൂനികുതി ഈടാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.09.2024-ന് ചേർന്ന യോഗത്തിന്റെ തീരുമാനം പ്രകാരം ഫ്ലാറ്റ്/ അപ്പാർട്ട്മെന്റ് കെട്ടിടങ്ങളിലെ ഭൂനികുതി അടയ്ക്കൽ സംവിധാനം നടപ്പിലാക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കും. ഫ്ലാറ്റ് സിസ്റ്റത്തിലുള്ള വസ്തുവിൽ ഫ്ലാറ്റ് ഉടമസ്ഥർ ആയ വ്യക്തികൾക്ക് യൂണീക്ക് തണ്ടപ്പേർ അനുവദിക്കാൻ കഴിയുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | യൂണിക് തണ്ടപ്പേർ വില്ലേജാഫീസുകളിൽ പ്രാവർത്തികമാക്കുന്നതിന് പരിചയസമ്പന്നരായ വ്യക്തികളെ വച്ച് പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാന/ജില്ല ഐ.റ്റി. സെല്ലുകൾ മുഖാന്തിരം ആവശ്യമായ ആധാർ ലിങ്കിംഗ് സോഫ്റ്റ് വെയർ മൊഡ്യൂൾ പരിശിലനവും, വില്ലേജ് ഓഫീസുകളിൽ നേരിട്ട് ഹാജരായി പൊതുജനങ്ങൾക്ക് ആധാർ സീഡിംഗ് നടത്തുന്നതിനുള്ള ബയോമെട്രിക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനവും ലഭ്യമാക്കിയിട്ടുണ്ട്. പൊതുസ്ഥലം മാറ്റം മൂലം പുതിയ ഉദ്യോഗസ്ഥർ മാറി വരുന്ന സാഹചര്യത്തിൽ തുടർ പരിശീലനത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ